പയ്യാമ്പലം പടന്നതോട്ടിൽനിന്നും വെള്ളം കടലിലേക്ക് ഒഴുകാതെ കെട്ടിക്കിടന്നുണ്ടായ മലിനജല പ്രശ്നം പരിഹരിക്കാൻ പയ്യാമ്പലത്ത് മേയർ മുസ്‌ലിഹ് മഠത്തിലിന്റെ നേതൃത്വത്തിൽ കോർപറേഷനിലെ ശുചീകരണ തൊഴിലാളികളെ ഉപയോഗിച്ച് അഴിമുറിക്കൽ പ്രവൃത്തി നടത്തുന്നു. -ദീപിക

ഇടവിട്ടുള്ള മഴ

ഡെങ്കിപ്പനി, എലിപ്പനി സാധ്യതകൾ ശ്രദ്ധിക്കണമെന്ന് ആരോഗ്യ വകുപ്പ്

കണ്ണൂർ: ജില്ലയിൽ ഇടവിട്ടുള്ള മഴ ലഭിച്ച സാഹചര്യത്തിൽ ഡെങ്കിപ്പനി, എലിപ്പനി എന്നിവക്കുള്ള സാധ്യതകൾ പൊതുജനങ്ങൾ ശ്രദ്ധിക്കണം എന്ന് ആരോഗ്യവകുപ്പ്.

ഡെങ്കിപ്പനി പരത്തുന്ന ഈഡിസ് കൊതുകുകൾ ചിരട്ട, മുട്ടത്തോട്, വിറകുകൾ മുടാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഷീറ്റ്, അലക്ഷ്യമായി വലിച്ചെറിയുന്ന ബോട്ടിലുകൾ, വീടുകൾക്ക് അകത്തുള്ള മണി പ്ലാന്റ് തുടങ്ങിയ ഇൻഡോർ ചെടികളിലെയും ഫ്രിഡ്ജിന്റെ ട്രേ തുടങ്ങിയവയിൽ കെട്ടിക്കിടക്കുന്ന ശുദ്ധജലത്തിലാണ് പൊതുവെ മുട്ടയിട്ട് വളരുന്നത്. മുട്ടയിട്ടു കഴിഞ്ഞാൽ ഏഴു മുതൽ മുതൽ 10 ദിവസം വരെ കൊണ്ട് ലാർവ വിരിഞ്ഞ് പുതിയ കൊതുകുകൾ പുറത്തുവരും.

അതിനാൽ വീടുകളിലെയും മറ്റു പരിസരങ്ങളിലും ഇത്തരത്തിലുള്ള ചെറിയ വെള്ളക്കെട്ടുകൾ മഴക്ക് ശേഷം നീക്കം ചെയ്യണം.

ഇത്തരത്തിൽ ഉള്ള ഉറവിട നശീകരണം നടത്തുന്നതിനായി ആഴ്ചയിൽ ഒന്നു വീതം ഡ്രൈഡേ ആചരിക്കണം.

ഡ്രൈഡേ ആചരിക്കേണ്ടത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ-വെള്ളിയാഴ്ച. ഓഫീസ്, കടകൾ മറ്റു സ്ഥാപനങ്ങൾ-ശനിയാഴ്ച, വീടുകളിൽ-ഞായറാഴ്ച.

അതുപോലെതന്നെ കെട്ടിക്കിടക്കുന്ന വെള്ളത്തിൽ എലിയുടെ മൂത്രം കലർന്നാണ് എലിപ്പനി പടരുന്നത്. ആയതിനാൽ കാലിൽ മുറിവ്, വിണ്ടു കീറിയ കാൽപ്പാദങ്ങൾ എന്നിവ ഉള്ളവർ കെട്ടിക്കിടക്കുന്ന മലിന ജലവുമായി നേരിട്ടുള്ള സമ്പർക്കം ഇല്ല എന്ന് ഉറപ്പുവരുത്തണം.

തൊഴിലുറപ്പ് തൊഴിലാളികൾ, ശുചീകരണ തൊഴിലാളികൾ, നിർമാണ തൊഴിലാളികൾ തുടങ്ങിയവർ കെട്ടിക്കിടക്കുന്ന മലിന ജലവുമായി സമ്പർക്കത്തിൽ വരാൻ സാധ്യതയുള്ളവർ ആയതിനാൽ അവർ ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം ഡോക്സി സൈക്ലിൻ പ്രതിരോധ ഗുളിക ആഴ്ചതോറും കഴിക്കേണ്ടതാണ് എന്നും ആരോഗ്യ വകുപ്പ് അറിയിച്ചു.

ഇരിട്ടി താലൂക് ആശുപത്രിയിൽ ഹാജിമാർക്കായി ആദ്യമായി അനുവദിച്ച വാക്സിനേഷൻ ക്യാമ്പ് സണ്ണി ജോസഫ് എംഎൽഎ, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. വേലായുധൻ, ഇരിട്ടി മുൻസിപ്പാലിറ്റി വൈസ് ചെയർമാൻ പി.പി. ഉസ്മാൻ എന്നിവർ സന്ദർശിക്കുന്നു.

മഴക്കാലപൂർവ ശുചീകരണത്തിന്റെ അയ്യൻകുന്ന് പഞ്ചായത്ത്തല ഉദ്ഘാടനം പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ നിർവഹിക്കുന്നു.

മഴക്കാലപൂർവ ശുചീകരണം പഞ്ചായത്ത്തല ഉദ്ഘാടനം

അങ്ങാടിക്കടവ്: അയ്യൻകുന്ന് പഞ്ചായത്ത് മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ പഞ്ചായത്ത്തല ഉദ്ഘാടനം വാണിയപ്പാറയിൽ പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളികുന്നേൽ നിർവഹിച്ചു.

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സീമ സനോജ്, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഐസക് തോമസ് മുണ്ടപ്ലാക്കൽ, പഞ്ചായത്ത് അംഗം സെലീന ബിനോയ്, എൽസമ്മ ചേന്നങ്കുളം, ജോസ്, ഹെൽത്ത് ഇൻസ്പെക്ടർമാരായ വി.വി. രാജേഷ്, ടി.എ. ജെയ്സൺ, ജെഎച്ച്ഐ എസ്.സി. അരുൺ, ജെപിഎച്ച്എൻ പി.ഡി. മോളി, അനിഷ എന്നിവർ പ്രസംഗിച്ചു.

വീസ വാഗ്ദാനം ചെയ്ത് പണം തട്ടിയെടുത്തെന്ന പരാതിയിൽ കേസ്

കേളകം: യുറോപ്പിലെ മാൾട്ടയിലേക്ക് വീസ വാഗ്ദാനം നൽകി 2, 20,000 രൂപ തട്ടിയെടുത്തുവെന്ന പരാതിയിൽ നാലുപേർക്കെതിരേ വഞ്ചനാകുറ്റത്തിന് പോലീസ് കേസെടുത്തു.

കണിച്ചാർ കൊളക്കാട് സ്വദേശി മുണ്ടക്കൽ ഹൗസിൽ വിനിൽ എം. ജോസിന്റെ പരാതിയിലാണ് ഏറണാകുളം ചക്കരപ്പറമ്പിലെ ഡ്രീം പാഷനേറ്റ് സ്ഥാപനത്തിലെ ഓഫീസ് സ്റ്റാഫ് കാർത്തിക, മാനേജിംഗ് പാർട്ണർമാരായ റിജുൻ, ദിവിഷാദ്, ഓഫീസ് സ്റ്റാഫ് ദേന എന്നിവർക്കെതിരേ വഞ്ചനാകുറ്റത്തിന് കേസെടുത്തത്.

2022 ഓഗസ്റ്റ് മുതൽ ഇക്കഴിഞ്ഞ ഒക്ടോബർ മാസം 30നുമിടയിൽ മാൾട്ടയിലേക്ക് വീസ വാഗ്ദാനം നൽകി പരാതിക്കാരനിൽ നിന്നും 2,20,000 കൈപറ്റിയ പ്രതികൾ പിന്നീട് വീസയോ കൊടുത്ത പണമോതിരിച്ചു നൽകാതെ വഞ്ചിച്ചുവെന്ന പരാതിയിലാണ് പോലീസ് കേസെടുത്തത്.

മാർക്കറ്റ്

കരുവഞ്ചാൽ

റബർഗ്രേഡ്	17800
റബർ ലോട്ട്	15800
ഒട്ടുപാൽ	10400
അടയ്ക്ക(പുതിയത്)	35200
കുരുമുളക്	55000
തേങ്ങ	2900
കൊപ്ര	8500
കശുവണ്ടി	9700

ആലക്കോട്

റബർ ഗ്രേഡ്	17800
റബർ ലോട്ട്	15700
ഒട്ടുപാൽ	10400
അടയ്ക്ക	35000
കുരുമുളക്	54000
തേങ്ങ	2925
കൊപ്ര	8500
കശുവണ്ടി	9800

ചെമ്പേരി

റബർ ഗ്രേഡ്	17800
റബർ ലോട്ട്	16000
ഒട്ടുപാൽ	10500
അടയ്ക്ക	35000
കുരുമുളക്	55000
തേങ്ങ	2900
കൊപ്ര	9000
കശുവണ്ടി	9800

ശ്രീകണ്ഠപുരം

റബർഗ്രേഡ്	17700
റബർ ലോട്ട്	16000
ഒട്ടുപാൽ	10400
അടയ്ക്ക	33500
കുരുമുളക്	55000
തേങ്ങ	2900
കൊപ്ര	9000
കശുവണ്ടി	10000

പയ്യാവൂർ

റബർ ഗ്രേഡ്	17600
റബർ ലോട്ട്	15800
ഒട്ടുപാൽ	10300
അടയ്ക്ക	34000
കുരുമുളക്	55000
തേങ്ങ	2900
കശുവണ്ടി	9800

ഇരിട്ടി

റബർ ഗ്രേഡ്	17800
റബർ ലോട്ട്	16300
ഒട്ടുപാൽ	10200
അടയ്ക്ക (പുതിയത്)	32000
കുരുമുളക്	55000
തേങ്ങ	3000
കശുവണ്ടി	9500

കുടിയാന്മല

റബർ ഗ്രേഡ്	17800
റബർ ലോട്ട്	16500
ഒട്ടുപാൽ	10500
അടയ്ക്ക	33000
കുരുമുളക്	55500
ജാതിക്ക തൊണ്ടൻ	220-250
ജാതിപത്രി ചുവപ്പ്	900-1000
ഫ്ലവർ	1400-1500
കൊക്കോ	19000
കൊക്കോ ഉണക്ക്	60000
ഗ്രാമ്പൂ	900
വാനില	300-350
കശുവണ്ടി	9500

തളിപ്പറമ്പ്

റബർ ഗ്രേഡ്	17700
റബർ ലോട്ട്	15300
ഒട്ടുപാൽ	10300
അടയ്ക്ക(പുതിയത്)	34000
കുരുമുളക്	55000
തേങ്ങ	3000
കൊപ്ര	9000
വെളിച്ചെണ്ണ	14000

ചെറുപുഴ

റബർ ഗ്രേഡ്	17800
റബർ ലോട്ട്	16000
ഒട്ടുപാൽ	10300
അടയ്ക്ക	36500
കുരുമുളക്	56000
തേങ്ങ	2800
കൊപ്ര	7800
കശുവണ്ടി	10000

പുളിങ്ങോം

റബർ ഗ്രേഡ്	17600
റബർ ലോട്ട്	15200
ഒട്ടുപാൽ	10200
അടയ്ക്ക	35000
കുരുമുളക്	55000
തേങ്ങ	2800
കൊപ്ര	8300
കശുവണ്ടി	10300

കാസർഗോഡ്

അടയ്ക്ക (പഴയത്)	354000-40000
അടയ്ക്ക (പുതിയത്)	36500

ഉരുവച്ചാൽ-മരുതായി റോഡ് പ്രവൃത്തി യാത്രക്കാരെ ദുരിതത്തിലാക്കുന്നു

മട്ടന്നൂർ: ഉരുവച്ചാൽ-മരുതായി റോഡ് നീവകരണ പ്രവൃത്തിയിലെ അശാസ്ത്രീയതയും മെല്ലെപ്പോക്കും യാത്രികർക്കും നാട്ടുക്കാർക്കും ദുരിതമാണ്. റോഡിന്റെ അവസാന ഭാഗത്ത് മേറ്റടി മുതൽ കിളിയങ്ങാട് വരെയുള്ള രണ്ടു കിലോമീറ്ററോളം റോഡ് വെട്ടിപ്പൊളിച്ച് ടാർ ചെയ്യാതെ കിടക്കുകയാണ്. മഴക്കാലമായാൽ പണി നടത്താൻ കഴിയാത്ത സ്ഥിതിയാകും.

ഉറുമ്പേരി അമ്പലത്തിന് മുൻവശത്തായി റോഡിന്റെ ഇരു ഭാഗവും ഉയർന്നു കിടക്കുന്നതിനാൽ മധ്യത്തിൽ വെള്ളവും ചെളിയും കെട്ടിക്കിടക്കുന്ന അവസ്ഥയാണ്. മഴ ശക്തമായാൽ കാൽനടയാത്ര പോലും സാധ്യമാകില്ലെന്ന് നാട്ടുകാർ പറയുന്നു. പലയിടത്തും മണ്ണുകയറിയതോടെ ഓവുചാൽ മൂടി വെള്ളം പോവാത്ത നിലയിലാണ്.

റോഡ് പലയിടത്തും ഉയർത്തി നിർമിച്ചതോടെ ഇരുവശങ്ങളിലും താമസിക്കുന്നവർക്ക് വീടുകളിലേക്കും കൃഷിയിടങ്ങളിലേക്കും പോകാൻ കഴിയാതായി. കിളിയങ്ങാട് നിന്ന് വെള്ളച്ചാൽ ഭാഗത്തേക്കുള്ള അപ്രോച്ച് റോഡിലേക്ക് വാഹനങ്ങൾക്ക് സുഗമമായി കടന്നുപോകാൻ കഴിയാത്ത സ്ഥിതിയാണ്. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 104 കോടി രൂപ ചെലവഴിച്ചാണ് ഉരുവച്ചാൽ മുതൽ മരുതായി വരെ റോഡ് നവീകരിക്കുന്നത്. കെഎസ്ടിപിയുടെ മേൽനോട്ടത്തിലാണ് പ്രവൃത്തി നടക്കുന്നത്. ഉരുവച്ചാൽ, മണക്കായി ഭാഗങ്ങളിലും റോഡ് നിർമാണത്തിൽ അശാസ്ത്രീയത ആരോപിച്ച് പ്രദേശവാസികൾ പ്രതിഷേധവുമായി എത്തിയിരുന്നു.

മേറ്റടി-കിളിയങ്ങാട് റോഡ് ചെളിക്കുളമായ നിലയിൽ

ലോറിയും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രികരായ രണ്ടുപേർക്ക് പരിക്ക്

മട്ടന്നൂർ: നിടുവോട്ടും കുന്നിൽ ലോറിയും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രകരായ രണ്ടുപേർക്ക് പരിക്കേറ്റു. മട്ടന്നൂർ ടൗണിലെ മൊബൈൽ ഷോപ്പിലെ ജീവനക്കാരായ നീർവേലിയിലെ രാഗേഷ്, കൂത്തുപറമ്പിലെ അഞ്ജുഷ് എന്നിവർക്കാണ് പരിക്കേറ്റത്. ഇവരെ കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വ്യാഴാഴ്ച രാത്രി പത്തോടെയായിരുന്നു സംഭവം.

മട്ടന്നൂരിൽ നിന്നും കൂത്തുപറമ്പിലേക്ക് പോകുകയായിരുന്ന ബൈക്കും ചെങ്കല്ല് ഇറക്കി വരികയായിരുന്ന ലോറിയും തമ്മിൽ കൂടിയിടിക്കുകയായിരുന്നു. റോഡിലേക്ക് തെറിച്ച് വീണ ഇരുവരേയും നാട്ടുകാർ ആശുപത്രിയിൽ എത്തിച്ചു. മട്ടന്നൂർ പോലീസ് സ്ഥലത്ത് എത്തി അപകടത്തിൽപ്പെട്ട വാഹനങ്ങൾ സ്റ്റേഷൻ കോമ്പൗണ്ടിലേക്ക് മാറ്റി.

രാഗേഷ് നാരായണന് നാളെ നാടിന്റെ സ്നേഹാദരവ്

ഇരിട്ടി: പതിനാലാമത് ദാദാസാഹിബ് ഫാൽക്കെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവെല്ലിൽ തണുപ്പ് എന്ന സിനിമയിലൂടെ മികച്ച സംവിധായകനുള്ള ജൂറി പുരസ്കാരവും, മറ്റ് നിരവധി പുരസ്കാരങ്ങളും നേടിയ ഇരിട്ടി സ്വദേശി രാഗേഷ് നാരായണനേയും ചിത്രത്തിന്റെ അണിയറ പ്രവർത്തകരെയും നാട് ആദരിക്കുന്നു. കീഴൂർ മഹാദേവക്ഷേത്രം ഗ്രൗണ്ടിൽ നാളെ വൈകുന്നേരം ആറിന് നടക്കുന്ന സ്നേഹാദരവ് പരിപാടി ഡോ. വി. ശിവദാസൻ എംപി ഉദ്ഘാടനം ചെയ്യും. ഇരിട്ടി നഗരസഭാ ചെയർപേഴ്സൺ കെ. ശ്രീലത അദ്ധ്യക്ഷത വഹിക്കും.

പ്രശാന്തി റസിഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ തുടങ്ങിയ പ്രശാന്തി ലൈബ്രറിയുടെ ഉദ്ഘാടനം സാഹിത്യകാരൻ കെ.ടി.ബാബുരാജ് ഉദ്ഘാടനം ചെയ്യുന്നു.

കണ്ണൂർ ലോക്സഭാ മണ്ഡലത്തിലെ വോട്ടെണ്ണൽ: ഒന്നാം റാൻഡമൈസേഷൻ പൂർത്തിയായി

കണ്ണൂർ: ലോക്സഭാ തെരഞ്ഞെടുപ്പിൽ കണ്ണൂർ ലോകസഭ മണ്ഡലത്തിലെ വോട്ടെണ്ണൽ കേന്ദ്രത്തിലേക്കുള്ള ഉദ്യോഗസ്ഥരുടെ ഒന്നാം റാൻഡമൈസേഷൻ കഴിഞ്ഞ് ജില്ലാ കളക്ടർ നിയമന ഉത്തരവ് പുറപ്പെടുവിച്ചു. കണ്ണൂർ പാർലമെന്റ് മണ്ഡലത്തിലേക്കുള്ള വോട്ടുകൾ എണ്ണുന്നതിനായി കൗണ്ടിംഗ് സൂപ്പർവൈസർ, കൗണ്ടിംഗ് അസിസ്റ്റന്റ് എന്നിവർ ഉൾപ്പെടുന്ന കൗണ്ടിംഗ് ടീമിനെയും മൈക്രോ ഒബ്സർവർമാരെയുമാണ് റിസർവ് സഹിതം പോസ്റ്റ് ചെയ്തിട്ടുള്ളത്.

ഡ്യൂട്ടിക്ക് നിയോഗിച്ച ജീവനക്കാർക്കുള്ള പോസ്റ്റിംഗ് ഓർഡർ ഓൺലൈനായി സ്ഥാപനമേധാവികൾക്ക് ലഭ്യമാകും. പോസ്റ്റിംഗ് ഓർഡർ, ഓർഡർ സോഫ്റ്റ്‌വെയർ മുഖേന ഡൗൺലോഡ് ചെയ്ത് ഉടൻ തന്നെ അതത് ജീവനക്കാർക്ക് സ്ഥാപനമേധാവികൾ നൽകണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. ജീവനക്കാർക്ക് ഓർഡർ നൽകിയതിന്റെ സ്റ്റാറ്റസ് സ്ഥാപന മേധാവികൾ ഓർഡർ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്യണം.

ഉദ്യോഗസ്ഥർക്ക് പോസ്റ്റിംഗ് ഓർഡർ www.order.ceo.kerala.gov.inൽ ലഭ്യമാണ്. കൗണ്ടിംഗ് ഡ്യൂട്ടിക്ക് നിയോഗിച്ച മുഴുവൻ ഉദ്യോഗസ്ഥർക്കും 21ന് കണ്ണൂർ കളക്ടറേറ്റ് ഓഡിറ്റോറിയത്തിലും ജില്ലാ പ്ലാനിംഗ് ഓഫീസ് ഹാളിലുമായി ആദ്യഘട്ട പരിശീലനം നൽകും. പോസ്റ്റിംഗ് ഓർഡറിൽ തന്നെ പരിശീലന കേന്ദ്രം സംബന്ധിച്ച വിവരവും സമയവും രേഖപ്പെടുത്തിയിട്ടുണ്ട്.

ഇടിമിന്നലിൽ വീടിന് കേടുപാട്

ഇരിട്ടി: കഴിഞ്ഞ ദിവസം ഉണ്ടായ വേനൽ മഴയിലും ഇടിമിന്നലിലും വീടുകൾക്കും കൃഷികൾക്കും നാശം സംഭവിച്ചു. ഇടിമിന്നലിൽ ആറളം താഴത്തെ അങ്ങാടിയിലെ ഈരേടത്ത് യൂസഫിന്റെ വീടിന്റെ വയറിംഗിനും വീട്ടുപകരണങ്ങൾക്കും കേടുപാട് സംഭവിച്ചു.

ഇടിമിന്നലിൽ വൈദ്യുത മീറ്റർ പൊട്ടിത്തെറിച്ചു. വീട്ടുപകരണങ്ങൾ അടയ്ക്കം ഏകദേശം അരലക്ഷം രൂപയുടെ നാശനഷ്ടം തണക്കാക്കുന്നു.

ഈരേടത്ത് യൂസഫിന്റെ വൈദ്യുത മീറ്റർ പൊട്ടിത്തെറിച്ച നിലയിൽ.

നായനാർ ചരമവാർഷിക ദിനാചരണം നാളെ

കണ്ണൂർ: മുൻ മുഖ്യമന്ത്രി ഇ.കെ. നായനാരുടെ 20-ാം ചരമവാർഷിക ദിനം ജില്ലയിൽ വിപുലമായ രീതിയിൽ ആചരിക്കുമെന്ന് സിപിഎം ജില്ലാ സെക്രട്ടറി എം. വി. ജയരാജൻ അറിയിച്ചു. നാളെ രാവിലെ എട്ടിന് പയ്യാമ്പലത്തെ നായനാർ സ്മൃതി മണ്ഡപത്തിൽ സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ, കേന്ദ്ര കമ്മിറ്റിയംഗങ്ങളായ പി. കെ. ശ്രീമതി, ഇ.പി. ജയരാജൻ, കെ.കെ. ശൈലജ, നായനാരുടെ കുടുംബാംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ പുഷ്പാർച്ചന നടത്തും.

തുടർന്ന് ബർണശേരി നായനാർ അക്കാഡമിയിൽ അനുസ്മരണ സമ്മേളനം നടക്കും. വൈകുന്നേരം അഞ്ചിന് കല്യാശേരിയിൽ നടക്കുന്ന അനുസ്മരണ പൊതുയോഗം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ ഉദ്ഘാടനം ചെയ്യും. നായനാർ ദിനാചരണത്തിന്റെ ഭാഗമായി ഇന്നും നാളെയും തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച് സിപിഎമ്മിന്റെ മഴക്കാലപൂർവ ശുചീകരണം നടത്തുമെന്നും എം. വി. ജയരാജൻ പറഞ്ഞു.

വൈശാഖ മഹോത്സവം: കേളകത്ത് ഗതാഗത ക്രമീകരണം ഏർപ്പെടുത്തും

കേളകം: വൈശാഖ മഹോത്സവത്തിന്റെ ഭാഗമായി കേളകം, കൊട്ടിയൂർ, കണിച്ചാർ ടൗണുകളിലെ ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തും. വൈശാഖ മഹോത്സവം കഴിയുംവരെ കേളകം ടൗണിലുള്ള ഓട്ടോറിക്ഷകൾ അടയ്ക്കാത്തോട് റോഡിലേക്ക് മാറ്റി പാർക്ക് ചെയ്യണമെന്ന് യോഗത്തിൽ തീരുമാനിച്ചു. കേളകം ടൗണിൽ സ്വകാര്യ വാഹനങ്ങൾ റോഡരികിൽ നിർത്തിയിടാൻ പാടില്ല. അടയ്ക്കാത്തോട് റോഡിൽ നിർത്തിയിടുന്ന ബസ് കേളകം സ്റ്റാൻഡിലേക്ക് മാറ്റണം. ടാക്സി വാഹനങ്ങൾ വെള്ളൂന്നി റോഡിലേക്കും മാറ്റി പാർക്ക് ചെയ്യണം. സമാന്തര റോഡുകളിൽ സൂചന ബോർഡുകൾ സ്ഥാപിക്കും.

കൊട്ടിയൂർ പാമ്പറപ്പാനിലും ചുങ്കക്കുന്ന് ടൗണിലും ഓട്ടോറിക്ഷ പാർക്കിംഗ് അനുവദിക്കില്ല. കണിച്ചാർ ടൗണിൽ സ്വകാര്യ വാഹനങ്ങൾ റോഡരികിൽ നിർത്തിയിടാൻ പാടില്ല. കൊട്ടിയൂർ പഞ്ചായത്തിലെ ഗണപതി പുറത്ത് റോഡിനോട് ചേർന്ന് സ്ഥാപിച്ച ബോട്ടിൽ ബൂത്ത് മാറ്റി സ്ഥാപിക്കണമെന്ന് പഞ്ചായത്തിനോട് ആവശ്യപ്പെടും.

നീണ്ടുനോക്കി ടൗണിൽ വിശേഷ ദിവസങ്ങളിലും ശനി, ഞായർ ദിവസങ്ങളിലും ഓട്ടോറിക്ഷ പാർക്ക് ചെയ്യാൻ പാടില്ല. രാത്രികാലങ്ങളിൽ സർവീസ് നടത്തുന്ന വാഹനങ്ങൾക്ക് പാസ് നൽകുന്ന കാര്യം പരിഗണനയിൽ ആണെന്ന് പോലീസ് അറിയിച്ചു. വൈശാഖ മഹോത്സവ കാലയളവിൽ ചരക്ക് വാഹനങ്ങൾക്ക് കൊട്ടിയൂർ വഴി ഗതാഗത നിരോധനം ഏർപ്പെടുത്താനും യോഗത്തിൽ തീരുമാനിച്ചു.

കേളകം സ്റ്റേഷനിൽ എസ്എച്ച്ഒ പ്രവീൺകുമാർ, കണിച്ചാർ പഞ്ചായത്ത് പ്രസിഡന്റ് ആന്റണി സെബാസ്റ്റ്യൻ, കേളകം പഞ്ചായത്ത് പ്രസിഡന്റ് സി.ടി. അനീഷ്, എസ്ഐ രമേശൻ, എസ്ഐ സജേഷ് കോളയാട് എന്നിവരുടെ നേതൃത്വത്തിൽ വ്യാപാരികൾ, ഓട്ടോറിക്ഷ തൊഴിലാളികൾ എന്നിവരുൾപ്പെടെയുള്ള വർ പങ്കെടുത്ത യോഗമാണ് ഇതു സംബന്ധിച്ച് തീരുമാനമെടുത്തത്.

പായം പഞ്ചായത്തിൽ നടന്ന പ്രദേശിക പൊതുജനാരോഗ്യ സമിതി രൂപീകരണ യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് പി. രജനി പ്രസംഗിക്കുന്നു.

പ്രദേശിക പൊതുജനാരോഗ്യ സമിതി രൂപീകരിച്ചു

ഇരിട്ടി: പായം പഞ്ചായത്ത് പ്രാദേശിക പൊതുജനാരോഗ്യ സമിതി രൂപീകരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷയും വള്ളിത്തോട് കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ അംഗവുമായ സമിതിയാണ് രൂപീരിച്ചത്. പൊതുജനാരോഗ്യ സമിതിയുടെ ആദ്യയോഗം പഞ്ചായത്ത് പ്രസിഡന്റ് പി. രജനിയുടെ അധ്യതയിൽ ചേർന്നു.

ഹെൽത്ത് ഇൻസ്പെക്ടർ ബിനോയി കുറ്റിയാനി നിയമത്തെക്കുറിച്ച് ക്ലാസെടുത്തു. പഞ്ചായത്ത് സെക്രട്ടറി കെ.ജി. സന്തോഷ്, ഡോ. ചെന്ന കേശ്വർ, ഡോ. നിഷ, കൃഷി ഓഫീസർ ജിതിൻ എന്നിവർ പ്രസംഗിച്ചു. പകർച്ചവ്യാധികളായ എലിപ്പനി, ഡെങ്കിപ്പനി, മഞ്ഞപ്പിത്തം എന്നിവ പടരാതിരിക്കാൻ ബോധവത്കരണ പ്രവർത്തനങ്ങൾക്കൊപ്പം കർശനമായി നിയമം നടപ്പിലാക്കാൻ തീരുമാനിച്ചു.

എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടിയവർ: ജയിൻ ട്രീസ ജോൺസൺ, അനീറ്റ തെരേസ കുര്യൻ, ബ്രേവിയ സൂസൻ സാബു, കെ.എം. നാജിയ, കെ.പി. നജ ഫാത്തിമ, ജെഫ്ന മരിയ ഫ്രാൻസിസ്. (എല്ലാവരും കിളിയന്തറ സെന്റ് തോമസ് എച്ച്എസ്എസ്).

എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടിയവർ: ഷാരോൺ നോബി, പി. നിഹാൽ, അനിറ്റമോൾ ഷിബി, അലീന റോബിൻസ്, എബിൻ സെബാസ്റ്റ്യൻ, കെ. മുഹമ്മദ് ഹംദാൻ, പി.ജെ. അലീന, അഫീഫ ലത്തീഫ്. (എല്ലാവരും പേരട്ട സെന്റ് ജോസഫ്സ് എച്ച്എസ്).

കാടാച്ചിറയിൽ വീടിനു തീപിടിച്ചു

കണ്ണൂർ: കാടാച്ചിറയിൽ വീടിനു തീപിടിച്ച് ഓടിട്ട മുകൾനില പൂർണമായും കത്തിയമർന്നു. കടമ്പൂർ മൂന്നാംവാർഡിലെ കെ.കെ. വിനോദിന്റെ പട്ടയത്തിൽ എന്ന വീട്ടിനാണു തീപിടിത്തമുണ്ടായത്.

ഇന്നലെ ഉച്ചയ്ക്ക് 12.45 ഓടെ ഷീറ്റിടാൻ വെൽഡിംഗ് പ്രവൃത്തിക്കിടെയുണ്ടായ തീപ്പൊരി പടർന്നാണ് വീടിനു തീപിടിച്ചതെന്നാണു പ്രാഥമിക നിഗമനം.

സംഭവമറിഞ്ഞ് കണ്ണൂരിൽ നിന്നെത്തിയ രണ്ട് യൂണിറ്റ് അഗ്നിരക്ഷാസേന അംഗങ്ങൾ എത്തിയാണു തീ അണച്ചത്. രണ്ടരലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചതായാണു പ്രാഥമിക നിഗമനം.

റാങ്ക് പട്ടിക റദ്ദായി

കണ്ണൂർ: ജില്ലയിൽ ഫയർ ആൻഡ് റസ്ക്യൂ സർവീസസ് വകുപ്പിൽ ഫയർ വുമൺ (ട്രെയിനി 245/2020) തസ്തികയിലേക്ക് 2023 ഏപ്രിൽ മൂന്നിന് നിലവിൽ വന്ന 226/2023/ഡിഒസി നമ്പർ റാങ്ക് പട്ടികയുടെ കാലാവധി 2024 ഏപ്രിൽ രണ്ടിന് പൂർത്തിയായതിനാൽ പട്ടിക റദ്ദായതായി ജില്ലാ പിഎസ്സി ഓഫീസർ അറിയിച്ചു.

എസ്എസ്എൽസി പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടിയവർ: കെ.അഭിനന്ദ്, ആദിത്യ സജി, അദ്വൈത് കൃഷ്ണ, അജയ് സന്തോഷ്, ഇ.പി.അനഘ, കെ.അനന്തിക, എയ്ഞ്ചൽ ജോഷി, എം.അനുസ്മയ, ആർ.എസ്.ആരാദ്യ, എൻ.ടി.അശ്വിൻ കൃഷ്ണ, ആവണി അജയൻ.

കെ.അവന്തിക, ബെറ്റ്‌ലിൻ മേരി പി.വർക്കി, കെ.എസ്.ക്രിസ്റ്റി, കെ.എസ്.ദേവനന്ദ, കെ.ദേവനന്ദ, ഡിവോൺ ജോ തോമസ്, ഡോൺ മനോജ്, എഡ്‌വിൻ ഷിജു ജോസ്, എൽസിറ്റ് മരിയ സജി, ഇമ്മാനുവൽ സെബാസ്റ്റ്യൻ.

ഫാത്തിമത്ത് സഫ, കെ.പി.ഫാത്തിമത്ത് സഫ, ജിയോ ജോസ്